**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമവികസന വകുപ്പിലെ ബിരുദ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിൽ ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുളള തസ്തികകൾ ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗത്തിലും ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ലക്ചറർ ഗ്രേഡ് I & II എന്നീ തസ്തികകളിലാണ് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുള്ളത്. ഗ്രാമവികസന വകുപ്പിൽ ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഗസറ്റഡ് തസ്തികയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്പെഷ്യൽ റൂൾസ് GO(P)No.44/2011/LSGD, dtd 16/2/2011 പ്രകാരവും, ഗസറ്റഡ് തസ്തികയായ ലക്ചറർ ഗ്രേഡ് I നോൺ ഗസറ്റഡ് തസ്തികയായ ലക്ചറർ ഗ്രേഡ്II എന്നിവയുടെ സ്പെഷ്യൽ റൂൾസ് GO(P)No.18/2010/LSGD, dtd 22/1/2010 പ്രകാരവും നിലവിലുണ്ട്. |
| (ബി) | വിശേഷാൽ ചട്ടങ്ങളിൽ തസ്തികമാറ്റ നിയമനം വഴി ഗസറ്റഡ് തസ്തികയിൽ നിന്നും നോൺ ഗസറ്റഡ് തസ്തികയിൽ നിയമനം നടത്തുന്നതിന് ചട്ടം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ